Smile
Small and Medium Industries Leveraging Experiential Tourism

# ടൂറിസം സംരംഭങ്ങൾ തുടങ്ങുന്നവർക്ക് 'സ്മൈൽ' ശില്പശാല

---

- തീയ്യതി : **28 ജൂലൈ 2018,** (9.30 am – 5.00 pm) സ്ഥലം : **ബേക്കൽ**
- ഉത്തര മലബാറിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് അപേക്ഷിക്കാം
- അനുഭവവേദ്യ ടൂറിസത്തിന് ഊന്നൽ നൽകുന്ന പദ്ധതി
- രൂപകല്പന തൊട്ട് വിപണനം വരെ ബി.ആർ.ഡി.സി.യുടെ സഹായക സേവനങ്ങൾ

---

ടൂറിസം സംരംഭകർക്ക് വേണ്ടിയുള്ള ബി.ആർ.ഡി.സി.യുടെ 'സ്മൈൽ' (Small & Medium Industries Leveraging Experiential Tourism) പദ്ധതിയുടെ ഭാഗമായി ഏകദിന ഓറിയന്റേഷൻ ശില്പശാല ജൂലൈ 28 ന് (ശനിയാഴ്ച) ബേക്കലിൽ വെച്ച് നടക്കുന്നു. വിവിധ ടൂറിസം മേഖലകളിൽ വിജയം കണ്ടെത്തിയ സംരംഭകരും വിദഗ്ധരും ശില്പശാലയിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്യും.

ബഡ്ജറ്റ് റിസോർട്ടുകൾ, ഹോംസ്റ്റേകൾ, സർവീസ്ഡ് വില്ലാ, ഫാം ടൂറിസം, ആയുർവ്വേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ, ടൂർ ഓപ്പറേഷൻസ്, കരകൗശല സ്മരണികകൾ (സുവനീർ വ്യവസായം) എന്നിവയ്ക്ക് പുറമെ കഥകളി, കളരി, തെയ്യം, യോഗ, ശാസ്ത്രീയ നൃത്തം, നാടൻ ചികിത്സ മുതലായവ അടിസ്ഥാനമാക്കി ചെറുകിട-ഇടത്തരം ടൂറിസം സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് ശില്പശാലയിൽ പങ്കെടുക്കാം.

കാസർഗോഡ്, കണ്ണൂർ ജില്ലകളും, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കും ഉൾപ്പെടെ ഉത്തര മലബാർ പ്രദേശത്ത് സംരംഭങ്ങൾ തുടങ്ങുന്നവരാണ് അപേക്ഷിക്കേണ്ടത്.

ചെറുകിട-ഇടത്തരം ടൂറിസം സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുള്ളതാണ് 'സ്മൈൽ' പദ്ധതി. ആഡംബര താമസസൗകര്യങ്ങൾ ഒരുക്കുക എന്നതിനേക്കാൾ അതത് പ്രദേശങ്ങളിലെ സംസ്കാരം, ജീവിത രീതികൾ, രുചിഭേദങ്ങൾ, കലകൾ, ഐതിഹ്യങ്ങൾ മുതലായവയ്ക്ക് പ്രാധാന്യം നൽകി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന അനുഭവവേദ്യ ടൂറിസം (Experiential Tourism) ത്തിന് ഊന്നൽ നൽകിയാണ് സ്മൈൽ പദ്ധതി നടപ്പിലാക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങളും സാംസ്കാരിക ച്യുതിയും ഇല്ലാത്ത ടൂറിസം വികസനം ആണ് 'സ്മൈൽ' വിഭാവനം

ചെയ്യുന്നത്. ഇതുവഴി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലൂടെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള ജനങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിയും ഉയർന്ന തോതിലുള്ള തൊഴിലവസര സൃഷ്ടിയും 'സ്മൈൽ' ലക്ഷ്യമിടുന്നു.

പുതുതായി ടൂറിസം സംരംഭങ്ങൾ തുടങ്ങുന്നവർ, നിലവിലുള്ള സ്ഥാപനം ടൂറിസം സംരംഭമായി മാറ്റാൻ ആഗ്രഹിക്കുന്നവർ, നിലവിലുള്ളതും എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ ടൂറിസം സംരംഭങ്ങൾ എന്നിങ്ങനെ മൂന്ന് വിഭാഗം സംരംഭകർക്കാണ് 'സ്മൈൽ' സേവനം ലഭ്യമാകുന്നത്. ഓൺലൈനിൽ രജിസ്റ്റർ ചെയ്യുന്ന സംരംഭകർക്ക് വേണ്ടിയുള്ള പ്രാരംഭ ശിൽപശാലയിലൂടെയാണ് പ്രക്രിയ ആരംഭിക്കുന്നത്. പ്രാരംഭ ശിൽപശാലയിൽ പങ്കെടുക്കുന്നവരിൽ നിന്നും സംരംഭം തുടങ്ങാനുള്ള നടപടികളുമായി മുന്നോട്ട് വരുന്നവർക്ക് പദ്ധതി രൂപകൽപ്പന തൊട്ട് വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ തുടർസേവനങ്ങൾ ലഭ്യമാകും. ഇപ്പോൾ ഉത്തര മലബാറിലെ വിവിധ പ്രദേശങ്ങളിലായി 36 'സ്മൈൽ' സംരംഭങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

താൽപ്പര്യമുള്ള സംരംഭകർ www.bekaltourism.com/registration എന്ന വെബ്സൈറ്റ് ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9446863300, 9447518950 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.